Ref: 3054/K-5/KCBC/OL/DS 30.12.2017

## കേരളസഭയിൽ യുവജനവർഷാചരണം സംബന്ധിച്ച് കെസിബിസി പുറപ്പെടുവിക്കുന്ന സർക്കുലർ

2018 ഒക്ടോബർ മാസം റോമിൽവച്ച് നടക്കാനിരിക്കുന്ന മെത്രാന്മാരുടെ സിനഡിന്റെ പശ്ചാത്തലത്തിൽ കേരളത്തിലെ യുവജനശുശ്രൂഷയെ കൂടുതൽ ശക്തിപ്പെടുത്തുക തിരുസഭയുടെ മറ്റ് ശുശ്രൂഷാ മേഖല കളിലൂടെ യുവജന ശുശ്രൂഷാ ചൈതന്യം സഭയിലെയും സമൂഹത്തിലെയും എല്ലാ മേഖലകളിലേക്കും വ്യാപിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെ 2018 ജനുവരി 6 മുതൽ 2019 ജനുവരി 6 വരെയുള്ള കാലഘട്ടം കേരളസഭയിൽ യുവജനവർഷമായി കെസിബിസി പ്രഖ്യാപിക്കുകയാണ്. ആരാധനക്രമവത്സരമനുസ രിച്ച് ജനുവരി 6 കർത്താവിന്റെ മാമ്മോദീസയെ അനുസ്മരിക്കുന്ന ദിനമാണ്. യുവാവായ യേശുനാഥ നെക്കുറിച്ചുള്ള പിതാവായ ദൈവത്തിന്റെ സ്വരം സ്വർഗത്തിൽ നിന്നും മുഴങ്ങിക്കേട്ട ദിനമാണ് അന്ന്: "ഇവനെന്റെ പ്രിയപുത്രൻ, ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു" (ലൂക്ക 3:22). ഓരോ യുവാവിനെയും യുവതിയെയും കുറിച്ച് ലോകത്തോടുള്ള പിതാവായ ദൈവത്തിന്റെ പ്രഖ്യാപനമാണിത്. യുവാവായ യേശുവിന്റെ പരസ്യജീവിത കാലത്തിനു മുന്നോടിയായുള്ള മാമ്മോദീസായുടെ ഈ ദിനം യുവജന വർഷത്തിന്റെ പ്രാരംഭമാകുന്നത് ദൈവനിയോഗമാണ്.

മെത്രാന്മാരുടെ സിനഡിന്റെ 15-ാം പൊതുസമ്മേളനത്തിനുവേണ്ടിയുള്ള ഒരുക്കരേഖ 2017 ജനുവരി 13-ന് സഭാതലവനായ ഫ്രാൻസിസ് പാപ്പ പ്രസിദ്ധീകരിക്കുകയുണ്ടായി. "യുവജനം, വിശ്വാസം, വിളി സംബന്ധമായ വിവേചിച്ചറിയൽ" എന്ന വിഷയത്തെ ആസ്പദമാക്കിയാണ് സിനഡ് വിളിച്ചുകൂട്ടപ്പെടു ന്നത്. ലോകത്താകമാനമുള്ള ദൈവമക്കൾ സഭാപിതാക്കന്മാരോടൊപ്പം യുവജനങ്ങളെക്കുറിച്ച് പ്രത്യേ കമായി ചിന്തിക്കുകയും പഠിക്കുകയും ചെയ്യുന്ന ഈ വർഷം 'യുവജനവർഷ'മായി കേരളത്തിൽ ആച രിക്കപ്പെടുന്നത് കാലഘട്ടത്തിന്റെ ആവശ്യവും ദൈവികപദ്ധതിയുമാണ്. ഫ്രാൻസിസ് പാപ്പയുടെ വാക്കു കളിൽ പറഞ്ഞാൽ, യുവജനങ്ങളുടെ ശബ്ദം കേൾക്കപ്പെടേണ്ട ഒരു കാലഘട്ടമാണിത്.

ഈ യുവജനവർഷത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് ഈ വരുന്ന ഒരു വർഷത്തേക്കുള്ള കർമ്മ പദ്ധതികൾ രൂപപ്പെടുത്തുന്നതിന് കേരളത്തിലെ 32 രൂപതകളും പ്രത്യേകം ശ്രദ്ധിക്കുമല്ലോ. കേരളസ ഭയിലെ എല്ലാ ശുശ്രൂഷാമേഖലകളും സിനഡ് മുന്നോട്ടുവയ്ക്കുന്ന ആശയങ്ങളെ പ്രവൃത്തിപഥത്തിൽ എത്തിക്കുവാൻവേണ്ട ക്രമീകരണങ്ങൾ വിഭാവനംചെയ്യണമെന്ന് ഓർമിപ്പിക്കുന്നു. അതിനായി വചന പ്രഘോഷണം, വിദ്യാഭ്യാസം, ആരോഗ്യപരിപാലനം, കുടുംബ ശുശ്രൂഷ, തടവറപ്രേഷിതത്വം, വിശ്വാ സപരിശീലന രംഗം, സാമൂഹ്യ ശുശ്രൂഷ എന്നീ മേഖലകളിൽ പ്രവർത്തിക്കുന്നവരും സംഘടനകളും സെമിനാരികളും സന്ന്യാസപരിശീലന കേന്ദ്രങ്ങളും യുവജനങ്ങളുമായി ബന്ധപ്പെട്ട പഠനങ്ങളും ചർച്ച കളും കർമ്മപരിപാടികളും സംഘടിപ്പിക്കാൻ ശ്രദ്ധിക്കണം. കേരളത്തിലെ എല്ലാ യുവജനസംഘടന കളും അവരുടെ ശുശ്രൂഷാമേഖലകളെ ശക്തിപ്പെടുത്താനുതകുന്ന സംഘടനാപരവും കൂട്ടായും ഉള്ള പൊതു ഇടങ്ങൾ സൃഷ്ടിക്കാൻ ശ്രദ്ധിക്കണം.

നമ്മുടെ യുവജനങ്ങൾ നേരിടുന്ന അനവധിയായ പ്രശ്നങ്ങൾ കണ്ടില്ലെന്നു നടക്കാനാവില്ല. വിദ്യാ ഭ്യാസലോൺ മൂലവും തൊഴിലില്ലായ്മ മൂലവും നട്ടംതിരിയുന്ന യുവജനങ്ങളുടെ എണ്ണം പെരുകുകയാ ണ്. ലഹരിക്കും അസാന്മാർഗികതയ്ക്കും അടിമകളാകുന്നവരിലും ജയിലുകളിൽ കഴിയുന്നവരിലും ആത്മഹത്യയിൽ അഭയംകണ്ടെത്തുന്നവരിലും നല്ലൊരു പങ്കും യുവജനങ്ങളാണെന്നതിൽ സംശയ മില്ലല്ലോ. നാനാവിധ വശീകരണശ്രമങ്ങൾക്കു വശംവദരായി കെണിയിൽപ്പെടുന്നവരും യുവതീയുവാ ക്കൾതന്നെ. ക്രൈസ്തവിശ്വാസത്തോടു വിടപറഞ്ഞ് തീവ്രവാദപ്രസ്ഥാനങ്ങളിൽപ്പോലും നമ്മുടെ എതാനും ചില യുവതീയുവാക്കൾ ചെന്നെത്തിയെന്നത് നമ്മെ ഞെട്ടിപ്പിക്കുന്ന യാഥാർഥ്യമാണ്. ഇത്ത രത്തിൽ യുവജനം കടന്നുപോകുന്ന വിദ്യാഭ്യാസപരവും തൊഴിൽപരവും സാമൂഹികവും ധാർമികവും മതപരവുമായ മേഖലകൾ ഗൗരവപൂർണമായ പഠനത്തിനും വിചിന്തനത്തിനും വിധേയമാകേണ്ടതാ ണ്. അവയ്ക്ക് ഫലപ്രദമായ പരിഹാരമാർഗങ്ങൾ കണ്ടെത്തിയേ തീരൂ.

മൂന്നു വ്യക്തിഗതസഭകൾക്കും പൊതുവായുള്ള ഔദ്യോഗിക യുവജനസംഘടനയായ കെസിവൈഎം അതിന്റെ റൂബി ജൂബിലി ആഘോഷിക്കുന്ന ഈ കാലയളവിൽത്തന്നെ കേരളസഭ യുവജനവർഷം ആചരിക്കുന്നു എന്നത് ഏറെ അർഥവത്താണ്. ഈ വർഷത്തിൽ സിനഡൊരുക്കരേഖയും സഭയുടെ യുവജനപ്രബോധനങ്ങളും നമ്മുടെ ആഴമായ പഠനത്തിനും വിചിന്തനത്തിനും വിഷയീഭവിക്കണം. പരമ്പരാഗതമായ യുവജന ശുശ്രൂഷാരീതികൾ, ആവശ്യമെങ്കിൽ ഒരു പുനർവായനയ്ക്ക് വിധേയമാക്കണം.

കേരളത്തിലെ യുവജനശുശ്രൂഷകളെ ഒന്നിപ്പിക്കുന്ന KCBC Commission for Youth-ന്റെ കുടക്കീഴിൽ കേരളത്തിലെ എല്ലാ കത്തോലിക്ക യുവജന സംഘടനകളും കൂടുതൽ കാര്യക്ഷമതയോടെ ഒന്നിച്ചു വർത്തിക്കുന്നത്, യുവജനങ്ങളുടെ സഭാ-സാമൂഹ്യപ്രതിബദ്ധതയ്ക്ക് പുതിയ മുഖവും ചടുലതയും പ്രദാനംചെയ്യും. ഒപ്പം, മറ്റു സഹോദരസഭകളുമായി ശക്തമായ ഒരു സഹവർത്തിത്വത്തിന്റെ യുവജന ശുശ്രൂഷ വളർത്തിക്കൊണ്ടുവരേണ്ടത് കാലത്തിന്റെ ആവശ്യമാണ്.

സഭയുടെയും സമൂഹത്തിന്റെയും യുവജനങ്ങളോടുള്ള ഉത്തരവാദിത്വം മറ്റേതു കാലഘട്ടത്തെയുംകാൾ വർധിച്ചിരിക്കുന്നു. ഫ്രാൻസിസ് പാപ്പ ഒരുക്കരേഖയിൽ സൂചിപ്പിക്കുംപോലെ മാതാപിതാക്കൾ, അജപാലകർ, അധ്യാപകർ, പരിശീലനമേഖലകളിൽ സേവനംചെയ്യുന്നവർ എന്നിവരുടെ ജീവിതസാക്ഷ്യം കൂടുതൽ സൂക്ഷ്മത ആവശ്യപ്പെടുന്നു. അനുദിന ജീവിതത്തിൽ ദൈവഹിതം തിരിച്ചറിയാനും വ്യാഖ്യാനിക്കാനും തിരഞ്ഞെടുക്കാനും യുവജനങ്ങളെ പ്രാപ്തരാക്കുന്നതോടൊപ്പം സ്വയം പ്രാപ്തരാകാനും യുവതയുടെ സഹചാരികൾക്കു കടമയുണ്ട്. യുവജനങ്ങളോടൊപ്പമുള്ള ഇവരുടെ യാത്ര, മുഴുവൻക്രൈസ്തവ സമൂഹത്തെയും പടുത്തുയർത്തുന്ന മൂലക്കല്ലാകും (cf. യുവജനം, വിശ്വാസം, വിളിസംബന്ധമായ തിരിച്ചറിയൽ).

ഫ്രാൻസിസ് പാപ്പായുടെ ഹൃദയത്തോടു ചേർന്നുനിന്നുകൊണ്ട് തിരുസഭയുടെ യുവജന ചിന്തകൾക്ക് കേരള സംസ്ഥാനത്തിൽ ഒരു പുതിയ മുഖം നിർമിച്ചെടുക്കുവാൻ, യുവജനങ്ങളോട് ചോദിച്ചും മുതിർന്നവരോട് സംവദിച്ചും കാലഘട്ടത്തിന്റെ സ്പന്ദനങ്ങൾ വായിച്ചെടുത്തും വിശ്വാസത്തിലധിഷ്ഠിതമായ ഒരു യുവജന ശുശ്രൂഷാമേഖല വളർത്തിയെടുക്കാൻ ഈ യുവജനവർഷത്തിൽ സാധ്യമാകട്ടെ എന്ന് പ്രാർഥിച്ചുകൊണ്ട്,

**ആർച്ചുബിഷപ് ഡോ. എം. സൂസ പാക്യം**
പ്രസിഡന്റ്, കെസിബിസി

**ബിഷപ് ഡോ. ജോസഫ് മാർ തോമസ്**
ചെയർമാൻ, കെസിബിസി യൂത്ത് കമ്മീഷൻ

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025

NB: 2018 ജനുവരി 7-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാ സഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിൽ പറയുന്ന കാര്യങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.